മലബാർ യൂണിയൻ

ശേഖരണം	..	252495 ലിറ്റർ
വിപണനം	..	233057 ലിറ്റർ

(സി) ഏകദേശം 65000 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്.

(ഡി) സ്വകാര്യ ഏജൻസിയിൽനിന്നും പാൽ സ്വീകരിക്കുന്നില്ല.

മിൽമയിൽ അഫിലിയേഷൻ നൽകാത്ത ക്ഷീര സംഘങ്ങൾ

76 [4812] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മിൽമയിൽ അഫിലിയേഷൻ നൽകാത്ത എത്ര ക്ഷീര സംഘങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അഫിലിയേഷൻ ലഭിക്കാത്ത സംഘങ്ങൾക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള തടസ്സമെന്താണ്; അഫിലിയേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) അഫിലിയേഷൻ ലഭിക്കാത്ത ക്ഷീര സംഘങ്ങൾക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30-6-2003-ലെ കണക്കനുസരിച്ച് 15 ക്ഷീര സഹകരണ സംഘങ്ങളുണ്ട്.

(ബി) അഫിലിയേഷൻ നൽകുന്നതിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്തതാണ് ക്ഷീര സഹകരണ സംഘങ്ങൾക്ക് അഫിലിയേഷൻ നൽകുന്നതിനായുള്ള തടസ്സം, മാനദണ്ഡങ്ങൾ താഴെ ചേർക്കുന്നു:

1. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുള്ള സംഘം ആയിരിക്കണം.
2. 150 ലിറ്റർ പാൽ പ്രതിദിനം യൂണിയന് നൽകിയിരിക്കണം.
3. സംഘത്തിന്റെ ടേൺ ഓവറിന് ആനുപാതികമായി മേഖലാ യൂണിയനിൽ 100 മുതൽ 250 ഷെയർ (100 രൂപയുടെ) എടുക്കണം. ഏറ്റവും കുറഞ്ഞത് 100 ഷെയർഎടുക്കേണ്ടതുണ്ട്.
4. യൂണിയന് കുടിശ്ശികയൊന്നും അടയ്ക്കുവാൻ ഉണ്ടായിരിക്കരുത്.
5. നിയമാവലി പ്രകാരം പ്രവർത്തിക്കുന്ന സംഘങ്ങൾ ആയിരിക്കണം.

(സി) അഫിലിയേഷൻ നൽകുന്നതിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly